# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2859 18.06.2019 ൽ മറുപടിക്ക്**

**അശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്ന ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുറോഡിൽ വിവിധ സംഘടനകൾ അശാസ്ത്രീയമായ രീതിയിൽ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നത് ഗതാഗതക്കുരുക്ക് ഉണ്ടാക്കുന്നുവെന്നത് വസ്തുതയാണെന്ന് കരുതുന്നുണ്ടോ; | എ) പൊതുറോഡിൽ വിവിധ സംഘടനകൾ അശാസ്ത്രീയമായ രീതിയിൽ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നത് ഗതാഗതക്കുരുക്ക് ഉണ്ടാക്കുന്നുവെന്നത് വസ്തുതയാണെന്ന് കരുതുന്നുണ്ട്. |
| ബി) സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | ബി) സർക്കാർ ഉത്തരവ്(കൈ) നം. 63/16/പൊ.മ.വ തീയതി 03.09.2016 പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരമോ അനുമതിയോ ഇല്ലാതെ മറ്റു വകുപ്പുകളും ഏജൻസികളും റോഡുകളുടെ ഉപരിതലത്തിന് കേടുപാടുകൾ വരുത്തുക, പൈപ്പുകളും മറ്റും സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുക, ഇപ്രകാരം കുഴിച്ച റോഡുകൾ ശരിയായ രീതിയിൽ പുനർ നിർമ്മിക്കാതിരിക്കുക, റോഡുകൾ കൈയേറുക, രാഷ്ട്രീയ പാർട്ടികളും സന്നദ്ധ സംഘടനകളും അംഗീകാരമില്ലാതെ പരസ്യ ബോർഡുകളും ഫ്ലക്സുകളും മറ്റും സ്ഥാപിക്കുക, റോഡിലേക്ക് മലിനജലം ഒഴുക്കി വിടുക, റോഡിലെ വെള്ളം ഒഴുകി പോകുന്നതിന് തടസ്സം സൃഷ്ടിക്കുക, നിർമ്മാണ സാമഗ്രികൾ റോഡുകളിൽ സ്റ്റോക്ക് ചെയ്യുക, മുതലായ പ്രവൃത്തികളിലൂടെ റോഡിന്റെ പരിപാലനത്തിനും റോഡിലൂടെയുള്ള സുരക്ഷിതമായ ഗതാതഗതത്തിനും തടസ്സം സൃഷ്ടിച്ച്, നടപ്പാതകൾക്ക് നാശ നഷ്ടം വരുത്തിയും നടപ്പാതയിലെ സുഗമമായ |

കാൽനടയാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാ മൂലം പരാതി നൽകേണ്ടതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിക്കും നൽകേണ്ടതാണ്. ബന്ധപ്പെട്ട ജില്ലാതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള പരാതിയിന്മേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. നിയമലംഘനം നടത്തുന്നവർക്ക് എതിരെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കാവുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതാണ്.

നടപടികൾ എടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതിന്റെ ഫലമായി റോഡുകൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടായാൽ അത്തരത്തിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിന് കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാറോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ. 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചു കൊണ്ടും, ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി നാഷണൽഹൈവേയുടെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റി ആയി എക്സി. എഞ്ചിനീയർ (നാഷണൽ ഹൈവേ) നെയും, സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റി ആയി എക്സി. എഞ്ചിനീയർ (ആർ & ബി) യെയും 1999- ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ. 4) പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ